23104707

**QP CODE: 23104707**

**Reg No** : ....................

**Name** : ....................

## UNDER GRADUATE (CBCS) REGULAR/IMPROVEMENT/REAPPEARANCE EXAMINATIONS, FEBRUARY 2023

**First Semester**

**Common Course II - ML1CCT05 - MALAYALAM-KATHAYUM KAVITHAYUM**

Common for all Model I B.Com Programmes

2017 Admission Onwards

4E63BF2D

Time: 3 Hours

Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. 'വല്ല ബീഹാറി കോവർകഴുതയും പിടികൂടും. പോ വീട്ടിൽ' എന്ന് ഇറ്റാർസിയിലെ പെൺകുട്ടിയെ അമ്മ ശകാരിക്കുന്നതെന്തുകൊണ്ട്?
2. കുമാരന്റെ കാഴ്ച നഷ്ടപ്പെട്ടത് എങ്ങനെ?
3. 'ഞങ്ങൾക്കിടയിൽ പെട്ടന്ന് കാലദൂരങ്ങളുടെ ഒരു കിടങ്ങ് രൂപപ്പെട്ടതായി എനിക്കു തോന്നി' - സന്ദർഭം വിശദമാക്കുക.
4. 'പണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും വ്യാജമായ പരിവേഷങ്ങൾ അവർ രണ്ടുപേരും തങ്ങളുടെ ശിരസ്സിനു പിന്നിൽ പരസ്പരം ദർശിച്ചു' - ആരെക്കുറിച്ചാണ് പരാമർശം? സന്ദർഭം ഏത്?
5. വെളിക്കെങ്ങും ഇറങ്ങല്ലേ പിന്നെ നിന്റെ<br>കടുക്കനും കിലുക്കനും എടുക്കും ഞാൻ - പ്രസ്തുതം എഴുതുക.
6. നിയതിയുടെ ശാപം, വരം, ഗർവ്വിതൊന്നൊന്നു<br>നിരസിച്ചു നീ നിന്റെയത്താഴമാകുക - ആശയം വ്യക്തമാക്കുക.
7. സ്വന്തം ഭാഷയല്ലാതെ<br>മറ്റൊന്നും കേൾക്കാത്ത കാത് - വിവക്ഷിതം വിശദമാക്കുക.
8. കരയെല്ലാം കരിയുമ്പോൾ കരയുന്നോളേ -<br>ചീനവലയ്ക്കുള്ളിൽ ചൂടയിട്ടു ചിരിക്കുന്നോളേ - ആരേക്കുറിച്ചാണ് പരാമർശം? ആശയം വ്യക്തമാക്കുക.
9. ഉറ്റവരൊക്കെയും പോയിരുന്നൂ<br>മുറ്റമോ, ശൂന്യമായ്ത്തീർന്നിരുന്നൂ - ആശയം വ്യക്തമാക്കുക.

10. ആധുനികോത്തരത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

11. സ്ത്രീവാദ സാഹിത്യം - കുറിപ്പെഴുതുക

12. കുരീപ്പുഴക്കവിതകളുടെ സവിശേഷതകൾ എന്തെല്ലാമാണ്?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. 'ഇന്ന് ചിദംബരം അമ്പലത്തിന്റെ കുളക്കടവിലിരുന്ന് എല്ലാം ഓർത്തുപോകുന്നു' കഥാനായകന്റെ ഓർമ്മകൾ സംഗ്രഹിക്കുക.

14. 'അടുക്കള കോകിലയുടെ ഗ്രാമീണസ്വപ്നങ്ങൾക്കു മേലേകൂടി വലിച്ചുനീട്ടിയ വിസർജ്ജ്യങ്ങളുടെ ഒരോവുപുരയാണ് ' വിശദമാക്കുക.

15. സ്ത്രീപക്ഷ രചനകളുടെ സ്വഭാവം 'തീച്ചാമുണ്ഡി' എന്ന കഥയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

16. 'സ്ഥിരീകരിക്കപ്പെടാത്ത മരണങ്ങൾപോലെയാണ് ചിലപ്പോൾ ജീവിതവും' - ക്ലിനിക്കലി എക്സ്പയേഡ് എന്ന കഥയെ മുൻനിർത്തി ചർച്ചചെയ്യുക.

17. പെറ്റുവീണ കുഞ്ഞിന്റെയെന്നവണ്ണം
ക്ഷണത്തിൽ അതറുത്തത്,
ഒരൊച്ചയും കേൾപ്പിക്കാതെ - എന്താണ് അറുത്തത്? ആശയം വിശദമാക്കുക.

18. മിതത്വമാണ് കവിതയുടെ സൌന്ദര്യം - ശിലകളെ പൂവുകളാക്കുവാൻ എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

19. ഗാർഹികബിംബങ്ങളിലൂടെ സ്ത്രീജീവിതത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന രീതി പുതുകവിതകളിൽക്കാണാം - 'കൈക്കലത്തുണികൾ' എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യക.

20. 'തീച്ചാമുണ്ഡി' എന്ന ശീർഷകം ആദ്യന്തം കഥയുടെ ഭാവതലത്തെ നിർണയിക്കുന്നു - വിലയിരുത്തുക.

21. കൊറിനാ അലാമില്ലോ, കമല എന്നീ കഥാപാത്രങ്ങളെ താരതമ്യാത്മകമായി വിലയിരുത്തുക.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. എൺപതുകളിലെ അരക്ഷിതാവസ്ഥനിറഞ്ഞ ദൽഹിയുടെ കറുത്തമുഖമാണ് ദൽഹി 1981 - വിലയിരുത്തുക.

23. 'വേനലിൽ ഒരു പുഴ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

24. ആധുനിക കവിത രൂപത്തിലും ഭാവത്തിലും അതിന്റെ പൂർവ്വഘട്ടത്തെ തിരസ്കരിച്ചതെങ്ങനെയെന്ന് കാവ്യമാതൃകകളെ മുൻനിർത്തി വിലയിരുത്തുക.

25. അടുക്കള, കൈക്കലത്തുണികൾ എന്നീ രചനകളിലെ സ്ത്രീപ്രതിനിധാനത്തിന്റെ സ്വഭാവം വിശകലനംചെയ്യുക.

(2×15=30)